# സാമൂഹ്യ ആഘാത പഠനകരട് റിപ്പോർട്ട്

# നടേരിക്കടവ് പാലം പ്രോജക്ട്

**കോഴിക്കോട് ജില്ല, കൊയിലാണ്ടി താലൂക്ക്, വിയ്യൂർ-കീഴരിയൂർ വില്ലേജുകളിൽ**



**സമർപ്പണം**

**ജില്ല കളക്ടർ, കോഴിക്കോട്**

**ഏജൻസി : APTA(ആപ്റ്റ) ട്രസ്റ്റ്, #258-J/19, നേഷണൽനഗർ,**
**ഉളിയത്തടുക്ക, കാസർഗോഡ് – 671124**
**Phone:8848820105; 9400859729**
**https://aptatrust.co.in / aptatrust@gmail.com**

**27 ഒക്ടോബർ 2023**

# സമർപ്പണം

കോഴിക്കോട് ജില്ല ഭരണകൂടം അതിൻെറ 2023 സെപ്റ്റെംബർ 27 ലെ നടപടി (DCKKD/211/2022 - B2 ), G.O No. 3106 (P) തിയതി 21/09/2023 പ്രകാരം അകലാപ്പുഴക്ക് കുറുകെ നടേരിക്കടവ് പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ ആഘാത പഠനം APTA (ആപ്റ്റ) ട്രസ്റ്റ്, #258-J/19, നേഷണൽനഗർ, ഉളിയത്തടുക്ക, കാസർഗോഡിനെ ഏൽപിച്ചുകൊണ്ട് ഉത്തരവായി. ഭൂമി ഏറ്റെടുക്കൽ പ്രത്യേക തഹസിൽദാർ (കൊയിലണ്ടി), ഡെപ്യൂട്ടികളക്ടർ (എൽ.എ.) കോഴിക്കോട്, അസി.എക്സിക്യൂട്ടിവ് ഇഞ്ചിനീയർ- കെ. ആർ. ഏഫ്. ബി. പി.എം.യൂ എന്നീ ഓഫീസുകളിൽനിന്നും ലഭിച്ച അലൈൻറ്മെൻറ് രൂപരേഖയും കൂടതെ, നഗരസഭ, കീഴരിയൂർ പഞ്ചായത്ത് ഓഫീസുകളിൽനിന്നും വാർഡ് മെംബർ, വാർഡ് കൗൺസിലർമാരിൽനിന്നും മറ്റ് അധികാരികളും നൽകിയ വിവരങ്ങൾ അനുസരിച്ച് പദ്ധതിബാധിത കുടുംബങ്ങളിൽനിന്നും തത്പരകക്ഷികളിൽനിന്നും വിവരങ്ങളും ശേഖരിച്ചാണ് സാമൂഹ്യ ആഘാത പഠനസംഘം ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. പഠന റിപ്പോർട്ടിൻെറ കരട് കോപ്പി 27 ഒക്ടോബർ 2023 ന് പ്രസിദ്ധീകരിക്കുകയും പത്രങ്ങളിലൂടെ (ഫോറം-5) പ്രസ്തുത വിവരം അറിയിക്കുന്നു. വസ്തുവകകളെ സംബന്ധിച്ചും, ഉടമസ്ഥതയെ സംബന്ധിച്ചുമുള്ള ഇതിൻെറ ആധാരരേഖകൾ ബന്ധപ്പെട്ട അധികാരികൾ പരിശോധിക്കേണ്ടതാണ്.

ഡയറക്ടർ

സാമൂഹ്യ ആഘാത പഠന യൂണിറ്റ്

APTA Trust (ആപ്റ്റ ട്രസ്റ്റ്) കാസർഗോഡ്

## അദ്ധ്യായം 1
## പദ്ധതി സംഗ്രഹം


### 1.1 പദ്ധതിയും പൊതു താത്പര്യവും

കോഴിക്കോട് ജില്ല, കൊയിലാണ്ടി താലൂക്ക്, വിയ്യൂർ- കീഴരിയൂർ വില്ലേജുകളിൽ അകലാപ്പുഴക്ക് കുറുകെ നടേരിക്കടവ് പാലം നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ വളരെ അനിവാര്യമായ വസ്തുതയാണ്. കൊയിലണ്ടി, കൊല്ലം നടേരി പ്രദേശങ്ങളിൽനിന്ന് നടുവത്തൂർ, കീഴരിയൂർ തുടങ്ങിയ പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുന്നതിനു വർഷങ്ങളായുള്ള കാത്തിരിപ്പാണു ഈ പാലത്തിൻെറ ഏറ്റവും വലിയ പ്രത്യേകത. വർദ്ധിച്ചുവരുന്ന ഗതാഗതത്തിരക്കും നിത്യേനയെന്നോണം നിരത്തിലെ വാഹനങ്ങളുടെ എണ്ണവും പരിഗണിക്കുമ്പോൾ ഈ പാത ഏറ്റവും അനിവാര്യമായ ഒന്നാണ്. ഇതൊരു പൊതു തത്പര്യ പദ്ധതിയാണു.

വിയ്യൂർ വില്ലേജിൽനിന്നും 10 സർവ്വെ നമ്പറുകളിൽനിന്നും (0.6046 Hec.) കീഴരിയൂർ വില്ലേജിൽനിന്നും 5 സർവ്വെ നമ്പറുകളിൽനിന്നുമാണ് (0.1123 Hec.) പാലവും അനുബന്ധറോഡും നിർമ്മിക്കുന്നതിനുവേണ്ടി ഏറ്റെടുക്കേണ്ടിയിരിക്കുന്നത് 0.7169 Hec. ഭൂമിയാണ്. ഇതിൻെറ നിർമ്മാണച്ചുമതല നൽകിയിരിക്കുന്നത് കെ. ആർ. എഫ്. ബി-പി.എം.യുവിഭാഗത്തിനാണു. ഭൂമി ഏറ്റെടുത്ത് നൽകുന്നതിനായി സ്പെഷ്യൽ തഹസിൽദാർ എൽ.ഏ. (കൊയിലണ്ടി,) ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പാലത്തിനു 200.മീ. നീളവും 11 മീറ്റർ വീതിയും മുണ്ട്. അനുബന്ധ റോഡിൻെറ നീളം 580 മീ. പാലം നിർമ്മാണത്തിനായി 20 കോടി രൂപ കിഫ്ബി മുഖാന്തിരം അനുവദിച്ചിട്ടുണ്ട്.

### 1.2 പദ്ധതി പ്രദേശം

നടേരിക്കടവ് പാലം അനുബന്ധ റോഡിൻെറ ഒരു അറ്റം വിയ്യൂർ വില്ലേജിലും മറ്റേ അറ്റം കീഴരിയൂർ വില്ലേജിലുമാണ്. കൊയിലാണ്ടി നഗരസഭയിൽ 8, 9 വാർ ഡുകളിലും വിയ്യൂർ- കീഴരിയൂർ പഞ്ചായത്തിൽ 9 താം വാർ ഡിലും പെട്ട പ്രദേശമാണിത്.




ഗൂഗിൾ ലൊക്കേഷൻ



പദ്ധതി പ്രദേശത്തിൻെറ രൂപരേഖ

### 1.2 പദ്ധതി പ്രദേശത്തിൻെറ വലിപ്പവും സ്വഭാവവും

കോഴിക്കോട് ജില്ല കൊയിലാണ്ടി താലൂക്കിലെ 0.7169 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്. തെങ്ങ്, ഫല വൃക്ഷങ്ങൾ, തുടങ്ങിയവയാണ് ഈ പദ്ധതി പ്രദേശത്തുള്ളത്. നെൽകൃഷി നടത്തിക്കൊണ്ടിരിക്കുന്ന വയലും ഇതിൽ ഉൾപ്പെടുന്നു.

| പട്ടിക 1.1 പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി | | 0. 7169 ആർസ് | |
|---|---|---|---|
| സർവ്വെ നമ്പർ | വില്ലേജ്: വിയ്യൂർ | | |
| 54/1, 53/1, 52/ 1,52/2, 50/4, 53/3, 50/2, 54/2, 56, 56/1 | | ഏരിയ : | 0.6046 Ha |
| സർവ്വെ നമ്പർ | വില്ലേജ്: കീഴരിയൂർ | | |
| 110/9, 110/1B, 110/8, 110/3, 110/5 | | ഏരിയ : | 0.1123 Ha |

### 1.4 ബദൽ പ്രദേശങ്ങൾ

പാലത്തിൻെറയും അനുബന്ധ റോഡിൻെറയും പ്ലാനിനെക്കുറിച്ചും രൂപരേഖയെക്കുറിച്ചും പഠന സംഘം അന്വേഷിച്ചു. ബദൽ സാധ്യതകളെക്കുറിച്ച് പദ്ധതി ബാധിതരോടും മറ്റ് വിവര ദാതാക്കളോടും ആരാഞ്ഞു. അംഗീകരിക്കപ്പെട്ടിരിക്കുന്ന പദ്ധതിയെക്കുറിച്ച് പൊതു സമ്മതമുണ്ട്. നിലവിലുള്ള പ്ലാനാണ് ഏറ്റവും അനുയോജ്യവും സ്വീകാര്യവുമുള്ളത്.

**1.5 സാമൂഹ്യ ആഘാതം**

കൃഷി മാത്രമാണ് ഈ പദ്ധതി പ്രദേശത്തുള്ളത്. പാർപ്പിടങ്ങളോ കെട്ടിടങ്ങളോ ഇവിടെ ബാധിതമാകുന്നില്ല അതിനാൽ ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവും ചെയ്യേണ്ട നടപടികളും താരതമേന്യ കുറവാണ്. നടേരിക്കടവ് പാലം അനുബന്ധ റോഡിന് മൊത്തം ആവശ്യമുള്ള 0.7169 ഹെക്ടർ ഭൂമി നിലവും കരഭൂമിയുമാണ്. ഇത് വിയ്യൂർ വില്ലേജിലെ 18 ഭൂമികളും കീഴരിയൂർ വില്ലേജിലെ 3 ഭൂമികളുമാണ്. ഭൂമികളുടെ നഷ്ടം കൂടാതെ ഗൗരവമേറിയ ആഘാതമൊന്നുമില്ല. . പ്രസ്തുത പദ്ധതിയ്ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ 20 കുടുംബങ്ങളിലെ 63 പുരുഷന്മാരും 59 സ്ത്രീകളുമുൾപ്പെടെ 122 ആളുകളെ പ്രത്യക്ഷമായി ബാധിക്കുന്നു. പൂർണ്ണ ബാധിതരായി 2 പേരുടെ വസ്തുക്കളുണ്ട്.

പട്ടിക 1.2 പദ്ധതി ബാധിത വസ്തുക്കളുടെ വിശദാംശങ്ങൾ

| ക്ര.സം. | സർവ്വേ നമ്പർ | ഭൂവുടമസ്ഥർ | ഭൂമിയുടെ അളവ് | നഷ്ടപ്പെടുന്ന സ്വത്ത് |
|---|---|---|---|---|
| 1 | 50/3 | Preman, S/o Kunjiraman, Peruvattur PO | 57 cent | തെങ്ങ് –45, കമുക്–5 |
| 2 | 54/2 | Sivan, Parappil House, Viyyur | 15 cent | തെങ്ങ് –8, കമുക്–20 പ്ലാവ്– 5, കശുമാവ്– 1, പടുമരം–20, മാവ്–6 |
| 3 | 53 | Nani Kizhakkekunnummal (late), Bhaskaran & others | 13 cent | തെങ്ങ് – 13 |
| 4 | 50/2 | Jayarajan Areekkal, S/o Kunjikanaran | 15 cent | തെങ്ങ്– 8 |
| 5 | 50/3 | Ibrahim Kottakkunnummal, S/o Mammu, Viyyur | 10 cent | തെങ്ങ്– 15 |
| 6 | 50/2 | Damodaran Thekke Areekkal Viyyur | 1 acre | തെങ്ങ് – 15 |
| 7 | 50/3 | Ajithkumar Nadukkandi, S/o Achuthan , Sukrutham, Puthiyara po. Kasaba Village. | 14 cent | തെങ്ങ് – 15 |
| 8 | 54/2 | Cherikkunnummal Rajeevan, Anugraha, Kothamangalam, Koyilandi | 36 cent | തെങ്ങ്– 6 |
| 9 | 54/1 | Arekkal Kunjikannan (late), Sathyachandran Areakkal & others, | 90 cent | തെങ്ങ് – 6 |
| 10 | 52/1 | Manalikkandi Janu & others, Peruvattur | 10.5 cent | ഭൂമി |
| 11 | 50/4 | Abdurazaq, Azhipunathil Subaidha Manzil, Chemanjeri | 80 cent | തെങ്ങ് – 5 |
| 12 | 50/4 | Usha Marathottathil (late), Rnejith & others, Kongannur, Atholi | 15 cent | തെങ്ങ് – 6 |
| 13 | 50/2 | Abdurahim S/o Ummar master, Laila, D/o Khadar, Izzath Manzil, Naduvathur | 1.60 Acre | ഭൂമി, തെങ്ങ്കൾ |
| 14 | 50/2 | Khadeeja & others | | ഭൂമി, |

| | | | | |
|---|---|---|---|---|
| 14 | 54/2 | Srinivasan, Mukundan & others, Kollam P.O. | 1.10 Acre | തെങ്ങ് – 50 |
| 15 | 50/3 | Chiruthakkutty (Late), Shaju & others, Ambalaparambil House | 14 cent | തെങ്ങ്– 8, കമുക്–20 |
| 16 | 52/2, 53 | Reseena W/o Pramod, Kanathukuni, PO, Kollam | 1 Acre | തെങ്ങ് – 15<br>കമുക്–12 |
| 17 | 53 | Kammatteri Thazhekuni Sreemathi, (Late), Balagopalan & others | വിവരം ലഭ്യമല്ല | ഭൂമി |
| 18 | 110/1B | Shamsudheen master, S/o Mammath, Kottayulla parambil, Naderi | 40 cent | തെങ്ങ്– 2 |
| 19 | 110/3 | Koliyotthazhe Nazeema, D/o Abdulla, Kongannur | 14 cent | തെങ്ങ് –8, കമുക്–20, ബദാം, തേക്ക്, മഹാഗണി |
| 20 | 110/8 | Muhammad Shaafi, Thayyullavalappil, S/o Moosa Haaji, Naduvathur | 30 cent | തെങ്ങ് –30, കമുക്–20<br>പ്ലാവ്– 5, മാവ്–1 |

| പട്ടിക 1.3 പദ്ധതി ബാധിതരുടെ കുടുംബവിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|
| ക്ര.സം. | സർവ്വേ നമ്പർ | ഭൂവുടമസ്ഥർ | | പുരുഷൻ | സ്ത്രീ | ആകെ |
| 1 | 50/3 | Preman, S/o Kunjiraman, Peruvattur PO | 9645451106 | 2 | 2 | 4 |
| 2 | 54/2 | Sivan, Parappil House, Viyyur | 9428306216 | 3 | 2 | 5 |
| 3 | 53 | Nani Kizhakkekunnummal (late), Bhaskaran & others | 9946819047 | 1 | 1 | 2 |
| 4 | 50/2 | Jayarajan Areekkal, S/o Kunjikanaran | 8606020032 | 1 | 2 | 3 |
| 5 | 50/3 | Ibrahim Kottakkunnummal, S/o Mammu, Viyyur | 9605280427 | 4 | 6 | 10 |
| 6 | 50/2 | Damodaran Thekke Areekkal Viyyur | 9387752080 | 4 | 2 | 6 |
| 7 | 50/3 | Ajithkumar Nadukkandi, S/o Achuthan , Sukrutham, Puthiyara po. Kasaba Village. | 9249715680 | 2 | 2 | 4 |
| 8 | 54/2 | Cherikkunnummal Rajeevan, Anugraha, Kothamangalam, Koyilandi | 9447321563 | 2 | 2 | 4 |
| 9 | 54/1 | Arekkal Kunjikannan (late), Sathyachandran Areakkal & others, | 8086619179 | 7 | 11 | 18 |
| 10 | 52/1 | Manalikkandi Janu & others, Peruvattur | 7736267398 | 1 | 4 | 5 |
| 11 | 50/4 | Abdurazaq, Azhipunathil Subaidha Manzil, Chemanjeri | 9946444161 | 2 | 2 | 4 |
| 12 | 50/4 | Usha Marathottathil (late), Rnejith & others, Kongannur, Atholi | 8301880706 | 1 | 6 | 7 |
| 13 | 50/2 | Abdurahim S/o Ummar master, Laila, | 9447088355 | 4 | 3 | 7 |

| | | | | | | |
|---|---|---|---|---|---|---|
| | | D/o Khadar, Izzath Manzil, Naduvathur | | | | |
| 14 | 54/2 | Srinivasan, Mukundan & others, Kollam P.O. | 9048507296 | 15 | 0 | 15 |
| 15 | 50/3 | Chiruthakkutty (Late), Shaju & others, Ambalaparambil House | 9447636958 | 5 | 5 | 10 |
| 16 | 52/2, 53 | Reseena W/o Pramod, Kanathukuni, PO, Kollam | 9349931925 | 3 | 1 | 4 |
| 17 | 53 | Kammatteri Thazhekuni Sreemathi, (Late), Balagopalan & others | 9745176297 | 0 | 0 | 0 |
| 18 | 110/1B | Shamsudheen master, S/o Mammath, Kottayulla parambil, Naderi | 9388976403 | 2 | 2 | 4 |
| 19 | 110/3 | Koliyotthazhe Nazeema, D/o Abdulla, Kongannur | 9947423328 | 1 | 3 | 4 |
| 20 | 110/8 | Muhammad Shaafi, Thayyullavalappil, S/o Moosa Haaji, Naduvathur | 9656251115 | 3 | 2 | 5 |
| | | | | 63 | 59 | 122 |

**1.6 ആഘാത ദുരീകരണ മാർഗ്ഗങ്ങൾ**

പഠനത്തിൻെറ കണ്ടുപിടുത്തങ്ങൾ അനുസരിച്ച് 2013 ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം സാമൂഹ്യവശങ്ങൾ അഭിമുഖീകരിക്കാനാകും. ഏറ്റെടുക്കൽ പ്രക്രിയയും നഷ്ടപരിഹാര വിതരണവും ദ്രുതഗതിയിലാക്കണം.

**പട്ടിക 1.2 സാമൂഹ്യ ആഘാതത്തിൻെറയും ദുരീകരണ മാർഗ്ഗങ്ങളുടെയും വിശദാംശങ്ങൾ**

| ക്ര. സം. | ആഘാതത്തിൻെറ ഇനം | പ്രത്യക്ഷം / പരോക്ഷം | ദുരീകരണ മാർഗ്ഗം |
|---|---|---|---|
| 1 | ഭൂമികളുടെ നഷ്ടം (ബാധിതർ) | 21 ഭൂമികളുടെ നഷ്ടം – പ്രത്യക്ഷം | നിയമമനുസരിച്ച് നഷ്ടപരിഹാരം |
| 2 | നിർമ്മിത ഘടകങ്ങളുടെ നഷ്ടം | ഒന്നുമില്ല | ആവശ്യമില്ല |
| 3 | കാർഷിക ഉത്പാദന സ്വത്തുക്കളുടെ നഷ്ടം | തെങ്ങ്, മാവ്, കമുക്, മരങ്ങൾ തുടങ്ങിയ കൃഷി വിഭവങ്ങളുടെ നഷ്ടം – പ്രത്യക്ഷം | നിയമമനുസരിച്ച് നഷ്ടപരിഹാരം |
| 4 | പൊതു സൗകര്യങ്ങളുടെ നഷ്ടം | ഒന്നുമില്ല | ഒന്നുമില്ല |
| 5 | ജല സ്രോതസ്സുകളുടെ നഷ്ടം | ഒന്നുമില്ല | ഒന്നുമില്ല |
| 6 | പാർ പ്പിടങ്ങളുടെ നഷ്ടം | ഒന്നുമില്ല | ഒന്നുമില്ല |
| 7 | മത വിശ്വാസ് വസ്തുക്കൾ | ഒന്നുമില്ല | ഒന്നുമില്ല |

ചോദ്യാവലിയ്ക്ക് ലഭിച്ച ഉത്തരങ്ങളിൽനിന്നും പഠനസംഘത്തിൻെറ നിരീക്ഷണങ്ങളിൽനിന്നും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ചാണ് മുകളിൽ നൽകിയിരിക്കുന്നത്. ഇവയ്ക്ക് തെളിവായുള്ള രേഖകൾ ബന്ധപ്പെട്ടവർ പരിശോധിക്കേണ്ടതാണ്.

**1.7 സാമൂഹ്യ ആഘാത ദുരീകരണ പദ്ധതി (ദുരീകരണ മാർഗ്ഗങ്ങൾ)**

സ്ഥലം ഏറ്റെടുക്കലിൻെറ ഭാഗമായ പഠനത്തിൻെറയും അന്വേഷണത്തിൻെറയും ചർച്ചകളുടെയും വെളിച്ചത്തിൽ സാമൂഹ്യ ആഘാത ലഘൂകരണത്തിന് താഴെ കൊടുത്തിരിക്കുന്ന മാർഗ്ഗരേഖ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതിൻെറ മുഖ്യ അംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**സാമ്പത്തിക വശങ്ങൾ**

ഭൂമിയുടെയും സ്വത്തുക്കളുടെയും കാർഷിക ഉപജീവനത്തിൻെറയും നഷ്ടങ്ങൾ 2013ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം നൽകണം. നിർമ്മാണത്തിൽ പദ്ധതി ബാധിതരുടെ കഴിവനുസരിച്ച് അവരെ ഉൾപ്പെടുത്തണം. ആഘാതത്തിന് താൽകാലികമായെങ്കിലും ഇത് ശമനം വരുത്തും.

**പാരിസ്ഥിതിക വശങ്ങൾ**

പദ്ധതി പ്രദേശത്തെ വൃക്ഷലതാദികൾക്ക് നാശം പരമാവധി കുറയ്ക്കുവാൻ പരിസ്ഥിതി സൗഹൃദമായ നിർമ്മാണങ്ങൾ നടത്തുകയും വെള്ളം തടസ്സം കൂടാതെ ഒഴുകുവാനുള്ള ഓടകൾ നിർമ്മിക്കുകയും ചെയ്യണം.

**പട്ടിക 1.3 പദ്ധതിയുടെ പ്രയോജനങ്ങൾ**

| പ്രയോജനങ്ങൾ | പ്രത്യക്ഷം / പരോക്ഷം | ശാശ്വതം / താത്കാലികം | സുപ്രധാനം / അപ്രധാനം |
|---|---|---|---|
| രണ്ട് ഗ്രാമങ്ങൾ യോജിപ്പിക്കുന്ന പാലവും അനുബന്ധ വഴികളും | പ്രത്യക്ഷം | ശാശ്വതം | സുപ്രധാനം |
| ഗതാഗതത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം | പ്രത്യക്ഷം / പരോക്ഷം | ശാശ്വതം | സുപ്രധാനം |
| തോണി അപകടം മുതലായ അത്യാഹിതങ്ങൾ ഇല്ലായ്മ ചെയ്യുക | പ്രത്യക്ഷം | ശാശ്വതം | സുപ്രധാനം |

നഷ്ടപരിഹാരം നൽകി ഏറ്റെടുക്കൽ പ്രക്രിയ വേഗത്തിലാക്കി ജനങ്ങളുടെ ദുരിതം അവസാനിപ്പിക്കണമെന്ന് പദ്ധതി ബാധിതർ ചർച്ചകളിൽ ആവശ്യപ്പെട്ടു. നഷ്ടപരിഹാരം നൽകി ഭൂമി എത്രയും വേഗം ഏറ്റെടുക്കണമെന്നാണ് സാമൂഹ്യ ആഘാത പഠന സംഘത്തിൻെറ അഭിപ്രായം. പ്രദേശത്തിൻെറയും ജില്ലയുടെയും വികസനത്തിന് പദ്ധതി പ്രധാനപ്പെട്ടതാണെന്ന് സംഘം വിലയിരുത്തി. പാരിസ്ഥിതികവും സാമൂഹ്യവുമായ വശങ്ങളും പദ്ധതിയുടെ പ്രയോജങ്ങളും ഉചിതമായി സമന്വയിപ്പിക്കണം. മുൻകരുതലുകൾക്ക് ആവശ്യമായ മുൻഗണന നൽകി പദ്ധതിയുടെ ചെലവും ദോഷഫലങ്ങളും കുറയ്ക്കണമെന്ന് നിർദ്ദേശിക്കുന്നു.

**1.8 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള മാർഗ്ഗങ്ങൾ**

ഭൂമിയുടെയും മറ്റ് സ്വത്തുക്കളുടെയും നഷ്ടങ്ങൾ ഉൾപ്പെടുന്ന സാമൂഹ്യ വശങ്ങൾ അഭിമുഖീകരിക്കുവാൻ നിയമത്തിൻെറ വകുപ്പുകൾ മതിയാകുമെന്നാണ് പഠനത്തിൽനിന്നും മനസ്സിലാകുന്നത്. നഷ്ടപരിഹാരം വേഗം നൽകണമെന്ന് നിർദ്ദേശിക്കുന്നു. കാർഷീക ഉപജീവന മാർഗ്ഗങ്ങൾ, മതിലുകൾ, കവാടങ്ങൾ, മുതലായ ഘടകങ്ങൾ നഷ്ടമാകുന്നു.

**1.9 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ**

പദ്ധതി ബാധിതർ നൽകിയ നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:

1. പാലം ഉയർത്തി പണിയുന്നത് വസ്തുവിലേക്കുള്ള വഴി നഷ്ടപ്പെടും. അതിനാൽ പാലത്തിൽ നിന്നും റാംപ് നിർമ്മിക്കണം.
2. പാലത്തിനു കീഴിലായി സർവീസ് റോഡ് നിർമ്മിക്കണം
3. കമ്പോള നിലവാരമനുസരിച്ച് മൂല്യനിർണ്ണയം നടത്തണം.

4. സ്ഥലമേറ്റെടുപ്പ് വസ്തുവിനെ രണ്ടായി വിഭജിക്കുമ്പോൾ ശേഷിച്ച വസ്തു ഉപയോഗ ശൂന്യമാകുന്നു. അതുകൂടി ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകണം.
5. കൃഷി വരുമാനമില്ലതകുന്നത് പരിഗണിച്ച് പരമാവതി വില നൽകണം.

## പ്രദേശത്തിൻെറയും ആഘാത പഠനത്തിൻെറയും നിശ്ചല ചിത്രങ്ങൾ




നഗരസഭാദ്ധ്യക്ഷയിൽ നിന്നു വിവരം ശേഖരിക്കുന്നു



ബാധിത ഭൂമി-കീഴരിയൂർ



നടേരിക്കടവ്



ബാധിത ഭൂമി – വിയ്യൂർ